**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** | **22-07-2021 - ൽ മറുപടിയ്ക്ക്**

**ബാങ്കുകളുടെ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല ബാങ്കുകൾ ഉൾപ്പടെയുള്ള ബാങ്കുകൾ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിങ്ങ് ഉപഭോക്താക്കൾക്കു സുതാര്യമായതും, മികവുറ്റതുമായ ബാങ്കിങ്ങ് സർവ്വീസ് നൽകുന്നത് സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിങ്ങ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം റിവ്യൂ ചെയ്യുകയും കാലത്തിനനുസരിച്ചു മാറ്റം വരുത്തേണ്ടതുണ്ട്. |
| (ബി) | ബാങ്കുകൾ ഈടാക്കുന്ന അമിത ഫീസ്, വിവിധ തരം പിഴകൾ, ഇടപാടുകളിലെ നിയന്ത്രണം തുടങ്ങിയവ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ബാങ്കുകൾ ഇടപാടുകരിൽ നിന്നും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന ചാർജ്ജുകൾ സംബന്ധിച്ച വിവരം അതിൽ വരുന്ന മാറ്റങ്ങൾ എന്നിവ യഥാസമയം ഉപഭോഗ്താക്കളെ അറിയിക്കുന്നതിനായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതോടൊപ്പം തന്നെ അതാതു ബാങ്കുകളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബാങ്ക് ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ (SLBC) ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ